യുമായി ബന്ധപ്പെട്ട് പുതിയ ഇനം ഓടുകളുണ്ടാക്കുന്നതിന് നടപടിയെടുത്തിട്ടുള്ളത്.

ശ്രീ. എം.പി. വർഗ്ഗീസ് : പഴയകാലത്ത് ഉപയോഗിച്ചിരുന്നതും ഇപ്പോൾ ചില സ്ഥലങ്ങളിൽ മാത്രം നിലവിലുള്ളതുമായ ചട്ടി, കലം, മൺപാത്രങ്ങൾ ഇവയുണ്ടാക്കുന്ന വേളാർ സമുദായത്തിൽപ്പെട്ട ആളുകൾ ആ തൊഴിലിൽനിന്ന് വിട്ടുപോകുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. അവരെയും അവരുടെ തൊഴിലിനെയും സംരക്ഷിക്കുന്നതിനുള്ള സമീപനം ഗവൺമെന്റെടുക്കാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾത്തന്നെ അവർക്കാവശ്യമായ ചില സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. പുതിയതായി എന്തെങ്കിലും വേണമോ എന്നുള്ള കാര്യം പരിശോധിക്കാൻ തയ്യാറാണ്.

വനിതാ വ്യവസായ സംരംഭകർക്ക് പരിശീലനം

3 (*273)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. ജോസ് ബേബി :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ വ്യവസായ സംരംഭകർക്ക് ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങൾ നൽകിവരുന്നുണ്ട്;

(ബി) പരിശീലനം പൂർത്തിയാക്കുന്ന വനിതകൾക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വനിതാ വ്യവസായ സംരംഭകർക്ക് വ്യവസായവകുപ്പ് 'കിറ്റ്കോ', എസ്.ഐ.എസ്.ഐ., സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് തുടങ്ങിയ വ്യവസായ ഏജൻസികൾ സംയുക്തമായും പ്രത്യേകമായും സംരംഭകത്വ വികസന പരിശീലനം നൽകിവരുന്നുണ്ട്. ഇതിനുപുറമെ സാങ്കേതിക പരിശീലനം ആവശ്യമായ വനിതാ വ്യവസായ സംരംഭകർക്കും വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്കും പരിശീലനം നൽകാൻ വ്യവസ്ഥയുണ്ട്. വനിതാ വികസന കോർപ്പറേഷൻ പരിശീലനം നൽകിവരുന്നു.

(ബി) പരിശീലനം പൂർത്തിയായ വനിതകൾക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടിയായ ചെറുകിട വ്യവസായ രജിസ്ട്രേഷൻ, വൈദ്യുതി കണക്ഷൻ, അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കാനുള്ള ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കൽ, മാർജിൻ മണി ലോൺ, ലൈസൻസുകൾ ലഭ്യമാക്കാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ള സഹായങ്ങൾ, വ്യവസായ വികസന പ്ലോട്ടുകളിലും എസ്റ്റേറ്റുകളിലും സ്ഥലമോ കെട്ടിടമോ ലഭിക്കാനുള്ള സഹായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ നൽകിവരുന്നു.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചചെയ്ത് പീഡിത വ്യവസായമായി അംഗീകരിക്കുകയും പീഡിതമായി കിടക്കുന്ന ഏതൊരു വ്യവസായ യൂണിറ്റിനും ലഭ്യമാകാവുന്നതുപോലെ വനിതാ വ്യവസായ യൂണിറ്റുകളെയും ഇവിടുത്തെ വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അതിന്റെ ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്നു.

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : പീഡിത വ്യവസായ യൂണിറ്റുകളെ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അതിന്റെ ആനുകൂല്യങ്ങൾ വനിതാ പീഡിത വ്യവസായ യൂണിറ്റുകൾക്ക് നൽകുന്നുണ്ടെന്ന് മന്ത്രി പറയുകയുണ്ടായി. ത്രിതല പഞ്ചായത്തുകളിലൂടെ ക്ഷേമനിധിക്കുവേണ്ടി കോടിക്കണക്കിന് രൂപ നമ്മൾ ചെലവാക്കുന്നുണ്ട്. ആ ത്രിതല പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ ക്ഷേമ ഫണ്ടിൽ നിന്നും ആവശ്യമായ മൂലധനം നൽകി പീഡിതവ്യവസായങ്ങൾ പുനരുദ്ധരിക്കാൻ തദ്ദേശ സ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് ഇതു സംബന്ധിച്ച് പ്രത്യേക വർക്ക്ഷോപ്പുകൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും നടത്തി ഇവിടുത്തെ വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ഈ പണം വിനിയോഗിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാൻ വ്യവസായവകുപ്പ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഇന്നുതന്നെ നടന്നുവരുന്നുണ്ട്. എവിടെയെങ്കിലും പോരായ്മകളുണ്ടെങ്കിൽ പരിശോധിച്ച് അവ തിരുത്തുന്നതിന് പരിശ്രമിക്കുന്നതാണ്.

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : വനിതാ വ്യവസായ സംരംഭകർക്ക് ഏതെങ്കിലും വ്യവസായം തുടങ്ങണമെങ്കിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനും മറ്റുമായി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. അല്ലെങ്കിൽ അതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ആയിരക്കണക്കിന് രൂപ കൊടുക്കേണ്ടതായി വരുന്നു. സൗജന്യമായി ഈ ഫീസിബിലിറ്റി റിപ്പോർട്ടും അതിനാവശ്യമായ മറ്റു കടലാസുകളുമെല്ലാം ശരിയാക്കുന്നതിന് എന്തെങ്കിലും സംവിധാനം നമ്മുടെ ഈ വകുപ്പിൽ ചെയ്തിട്ടുണ്ടോ; അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ ഇതിനകം എത്ര പേർക്കാണ് ഇത്തരം സഹായം ചെയ്തിട്ടുള്ളത് എന്നുകൂടി വ്യക്തമാക്കാമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഫീസിബിലിറ്റി സ്റ്റഡി തയ്യാറാക്കുന്നതിന് ഇപ്പോൾ ചില ചാർജ്ജുകൾ ഈടാക്കി വരുന്നുണ്ട്. അത് കുറെക്കൂടി കുറയ്ക്കുന്നതിനും മറ്റുമുള്ള നടപടികൾ എടുക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാം.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : വനിതാ വ്യവസായ സംരംഭകർക്ക് ഇന്ന് പരിശീലനം നൽകുവാൻ വ്യവസായ വകുപ്പ് കുറെ തുക നീക്കിവച്ചിട്ടുണ്ട്. ആ തുക ചെലവഴിക്കുന്നതിനുവേണ്ടിയുള്ള പരിശീലനമാണ് മിക്ക ഏജൻസികളും നട

LIBRARY ARCHIVES Kerala Legislative Assembly

ത്തിക്കൊണ്ടിരിക്കുന്നത്. അത് മതിയായ പരിശീലനമാണോ എന്നതിനെക്കുറിച്ച് പരിശോധിക്കുകയോ ആ പരിശീലനം കഴിഞ്ഞാൽ അതിനു ശേഷമുള്ള ഫോളോ അപ്പ്വർക്ക് ഏജൻസികൾ നടത്തുകയോ ചെയ്യാറില്ല. ഇനി വ്യക്തിഗതമായി ആരെങ്കിലും ഒരു വ്യവസായത്തിൽ ഏർപ്പെട്ടാൽ ആ വ്യവസായം മുന്നോട്ടുക്കൊണ്ടുപോകുന്നതിനും അവർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഈ പരിശീലനവുമായി ബന്ധപ്പെട്ട് യാതൊരു നടപടിയുമില്ല. അതുകൊണ്ടുതന്നെ പരിശീലനം നടക്കുന്നു, പരിശീലനത്തിന് അനുവദിച്ച തുക ചെലവഴിക്കുന്നു എന്നതിൽ കവിഞ്ഞ് ഒരു പ്രയോജനവും വേണ്ടതുപോലെ വർഷങ്ങളായി കിട്ടുന്നില്ല. അതുകൊണ്ട് മെച്ചപ്പെട്ട പരിശീലനം നൽകാനും ഫോളോഅപ്വർക്ക് നടത്താനും ഈ വ്യവസായ സംരംഭത്തിൽ ഏർപ്പെട്ട ആളുകളുടെ ഉൽപ്പന്നം ന്യായമായ വിലയ്ക്ക് വിൽക്കുവാനുള്ള സൗകര്യം ഏർപ്പെടുത്താനുമുള്ള ഒരു പാക്കേജ് പദ്ധതി ഉണ്ടാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : വനിതാ വ്യവസായികൾക്ക് പരിശീലനം കൊടുക്കുന്നവരെ ചേർത്ത് പ്രത്യേക സ്ഥാപനങ്ങൾ ഉണ്ടാക്കി അവർക്ക് ആവശ്യമായ സഹായം നൽകുന്നതിനും മറ്റുമുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. വളരെ നല്ല ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. അടുത്ത കാലത്ത് അപ്പാരൽ പാർക്കിൽ വനിതകൾക്ക് ജോലി ലഭിക്കുവാൻ ഉതകുന്ന ആധുനിക സാങ്കേതിക യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുവാനുള്ള പരിശീലന നടപടി സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ചെന്നൈ അപ്പാരൽ പാർക്ക് എന്നിവയെ പങ്കെടുപ്പിച്ചുകൊണ്ട് വ്യവസായ വകുപ്പു ആധുനിക സാമഗ്രികളുടെ പ്രവർത്തന പ്രദർശനം സംഘടിപ്പിച്ചു. കൂടാതെ അതോടൊപ്പം എൻ.ഐ.എഫ്.റ്റി.യുടെ പ്രൊഫസർ 500-ഓളം വനിതകളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാർ ക്ലാസ് എടുത്തു. വ്യവസായ വകുപ്പ്, എൻ.ഐ.എഫ്.ടി. ഇവയുടെ ആഭിമുഖ്യത്തിൽ ഒരു പരിശീലന കേന്ദ്രം കൊണ്ടുവരുന്നതിനെപ്പറ്റി ആലോചിക്കുകയാണ്. അതുപോലെ ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ വൈരക്കൽ കട്ടിംഗ് തുടങ്ങിയ കാര്യങ്ങൾക്ക് പരിശീലനം നൽകുവാനുള്ള നടപടി എടുത്തുവരുന്നു. വിവിധ മേഖലകളിൽ ട്രെയിനിംഗ് കൊടുക്കുന്നതിന് ആവശ്യമായ സഹായം ചെയ്തിട്ടുണ്ട്. പോരായ്മകൾ കണ്ടേക്കാം. അതു പരിശോധിച്ച് സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി എടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി ട്രെയിനിംഗ് ശക്തിപ്പെടുത്താൻ വിമൻസ് ഡെവലപ്പ്മെന്റ് കോർപ്പേറേഷൻ തന്നെ സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ട്രെയിനിംഗുകൾ കൊടുത്തുക്കൊണ്ടിരിക്കുന്നു. യാതൊരു ചാർജും കൂടാതെ കമ്പ്യൂട്ടർ ട്രെയിനിംഗ് അടക്കം കൊടുത്തുവരികയാണ്. ചെറുകിട വ്യവസായ മേഖലകളിലും മറ്റു നിരവധി മേഖലകളിലും അവർക്ക് ട്രെയിനിംഗ് കൊടുത്തുവരുന്നുണ്ട്. ഇത് കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടി എടുക്കുന്നതാണ്.

<u>ശ്രീ. എം.വി. ജയരാജൻ</u> : ഡി.ഡബ്ല്യു.സി.ആർ.എ.യുടെ നൂറു കണക്കിനു യൂണിറ്റുകൾ ഇപ്പോൾ ഗ്രാമ വികസന വകുപ്പിൽ പ്രവർത്തിച്ചുവരികയാണ്. ഈ യൂണിറ്റുകളിൽ സ്ത്രീകളാണ് പ്രവർത്തിക്കുന്നത്. സ്ത്രീകൾ തന്നെ സ്വയം പരിശീലനത്തോടുകൂടി ഗ്രാമങ്ങളിൽ യൂണിറ്റുകൾ സംഘടിപ്പിക്കുന്നതാണ്. ഇത് ഇപ്പോൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. നേരത്തെ പരിഗണിക്കപ്പെടേണ്ടതായിരുന്നു. ഗ്രാമവികസന വകുപ്പിന്റെ കീഴിലാണ് വരുന്നത്. ഐ.

LIBRARY ARCHIVES Kerala Legislative Assembly

ആർ.ഡി.പി. മേളകളിലൊക്കെ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. ചെറുകിട ഉൽപ്പാദന മേഖലയിൽ ഇപ്പോൾ സ്ത്രീകൾക്ക് വിപണന സൗകര്യങ്ങൾ തീരെയില്ല. അവർക്ക് പരിശീലനം നൽകേണ്ടതുണ്ട്. വിപണന സൗകര്യത്തിന് ജില്ലാ തലത്തിൽ ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും സംവിധാനം ചെയ്യുവാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഞങ്ങൾ പരീക്ഷണാർത്ഥം എറണാകുളം ജില്ലയിൽ ഒരു വിൽപ്പന സംഘടിപ്പിക്കുന്നതിനുവേണ്ടി വനിതാ വികസന കോർപ്പറേഷനും സി.ഡി.എസ്സും ഒക്കെയായിട്ട് ചേർന്നൊരു സംവിധാനം ഉണ്ടാക്കി. അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ, വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനാണ് ഇങ്ങനെ ഒരു നടപടി എടുത്തിട്ടുള്ളത്. സിഡ്കോയുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്. അതു കൂടുതൽ ജില്ലകളിൽ വിപണന നടപടികൾ അതിവേഗത്തിൽ സ്വീകരിക്കുന്നതിനു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

നഗരസ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി കേന്ദ്ര മന്ത്രിയുമായി നടന്ന ചർച്ച

4 (*274)ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ടി.കെ. ബാലൻ .
ശ്രീ. എ. കണാരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഈയിടെ കേന്ദ്ര നഗരാസൂത്രണ വകുപ്പു മന്ത്രിയുമായി എന്തെങ്കിലും ചർച്ച നടത്തിയിരുന്നുവോ എന്നറിയിക്കുമോ;

(ബി) എങ്കിൽ സംസ്ഥാനത്തെ നഗരസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് എന്തൊക്കെ ആവശ്യങ്ങളാണ് പ്രസ്തുത ചർച്ചയിൽ കേന്ദ്ര നഗരാസൂത്രണ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) നഗരവികസന പരിപാടികൾ, അടിസ്ഥാന സൗകര്യവികസനം, ഖരമാലിന്യ മാനേജ്മെന്റ്, മലിനജല ശുദ്ധീകരണം, ജലവിതരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനതല നഗരവികസനത്തിനുള്ള സാമ്പത്തിക സഹായം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത നിർദ്ദേശങ്ങളിൽ കേന്ദ്രമന്ത്രിയുടെ സമീപനം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) നിർദ്ദേശങ്ങളിൽ അനുകൂലമായ നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

1130/2010.

LIBRARY ARCHIVES Kerala Legislative Assembly